പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2882 **29-10-2026-ൽ മറുപടിയ്ക്ക്**

കാലവർഷത്തെത്തുടർന്ന് റോഡുകളുടെ അറ്റകുറ്റപ്പണി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കാലവർഷത്തെത്തുടർന്ന് സംസ്ഥാനത്തെ റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതം സുഗമമാക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: പൊതുമരാമത്തുവകുപ്പ് നിരത്തുവിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് റോഡിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതം സുഗമമാക്കുന്നതിനും മറ്റും പ്രീ – മൺസൂൺ പ്രവൃത്തികൾ മഴക്കാലത്തിന് മുന്നോടിയായി നടപ്പിലാക്കി വരുന്നു. റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള റോഡുകളിൽ ടി പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയും പരിപാലിച്ചു വരുന്നു. റോഡുകളുടെ അറ്റകുറ്റപ്പണികൾ ഡിഫക്ട് ലയബിലിറ്റി പിരീഡ് (DLP) നിലവിലുള്ള റോഡുകളിൽ അതാത് കരാറുകാരെക്കൊണ്ട് സ്വന്തം ചെലവിൽ ചെയ്യിക്കുകയും അല്ലാത്തപക്ഷം റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കാൻ കഴിയാത്തതു ശോചനീയമായ റോഡുകളിൽ ബഡ്ജറ്റ് മുഖേന തുക അനുവദിച്ചോ, പ്രത്യേക ഫണ്ട് അനുവദിക്കുന്ന മുറയ്ക്കോ പ്രവൃത്തി ക്രമീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നു.

പൊതുമരാമത്തുവകുപ്പ് ദേശീയപാതവിഭാഗത്തിന്റെ കീഴിൽ ദേശീയപാതകളിൽ ഉണ്ടാകുന്ന കുഴികൾ സമയബന്ധിതമായി നികത്താനും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി MoRTH fund ഉപയോഗിച്ച് PBMC/STMC പദ്ധതികളിൽ പ്രവൃത്തികൾക്ക് അനുമതി നൽകാറുണ്ട് . കൂടാതെ ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള old NH കളിൽ State fund ഉപയോഗിച്ചും അറ്റകുറ്റപണികൾ നടത്തി റോഡ് ഗതാഗതയോഗ്യമാക്കാറുണ്ട്. DLP-യിലുള്ള റോഡുകളിൽ പ്രസ്തുത കരാറുകാരൻ തന്നെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്. കാലവർഷത്തിനു മുൻപ് അറ്റകുറ്റപ്പണികൾക്കായി പ്രീ-മൺസൂൺ പ്രവർത്തികൾക്കും അനുമതി നൽകാറുണ്ട്.

പൊതുമരാമത്തുവകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും, പൊതുമരാമത്ത് വകുപ്പ് മാനുവൽ, സ്റ്റാൻഡേർഡ് ബിഡ് രേഖ, പൊതുമരാമത്ത് ക്വാളിറ്റി കണ്ട്രോൾ മാന്വൽ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്തു വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കണ്ട്രോൾ മാന്വൽ 2015 ജൂലൈ മുതൽ അവലംബിച്ചു വരുന്നു . ടി മാന്വലിലെ നിഷ്കർഷങ്ങൾ

പ്രകാരമാണ് പൊതുമരാമത്തുവകുപ്പിൽ ഗുണനിലവാര പരിശോധന നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പു വരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ചു ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്തുവകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കണ്ട്രോൾ മാന്വൽ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കണ്ട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പൊതുമരാമത്തുവകുപ്പ് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിനു മുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2nd tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കണ്ട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാം ഘട്ട ഗുണ നിലവാര പരിശാധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്തുവകുപ്പ് ക്വാളിറ്റി കണ്ട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു . മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ചു ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാരപരിശോധനാഫലം പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെടുത്തി പ്രൈസ് സോഫ്റ്റ്വെയറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണനിലവാരപരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽതുക നൽകുന്നത്.

(ബി) റോഡുകളുടെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് പ്രത്യേക പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കാലവർഷത്തിന് മുമ്പും ശേഷവും റോഡുകളുടെ സ്ഥിതി വിലയിരുത്തി അറ്റകുറ്റപ്പണികൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> റോഡുകളിലെ കേടുപാടുകൾ അടിയന്തിരമായി പരിഹരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് പ്രീമൺസൂൺ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തുന്നു.റണ്ണിംഗ് കോൺട്രാക്ട് നിലവിലുള്ള റോഡുകളിൽ ടി പ്രവൃത്തികൾ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തിയും പരിപാലിച്ചു വരുന്നു. ഡിഫക്ട് ലയബിലിറ്റി പിരീഡ് (DLP) നിലവിലുള്ള റോഡുകളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ അതാത് കരാറുകാരനെക്കൊണ്ട് സ്വന്തം ചെലവിൽ ചെയ്യിക്കുന്നു.

(ഡി) റോഡുകളിലെ കുഴികൾ സംബന്ധിച്ച പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങളോ മറ്റ് പരാതി പരിഹാര സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ്, ടോൾ ഫ്രീ നമ്പർ എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഈ ആപ്പ് വഴി ലഭിക്കുന്ന റോഡുകളെ സംബന്ധിച്ചുള്ള പരാതികൾ അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകുകയും പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യുന്നു. ടി പോർട്ടലുകളിൽ ലഭിക്കുന്ന സന്ദേശങ്ങൾക്ക് കൃത്യമായും സമയബന്ധിതമായും മറുപടികൾ നൽകാറുള്ളതും പൊതുജനങ്ങളുടെ നിർദ്ദേശങ്ങളിലും പരാതികളിലും ശരിയായ രീതിയിലുള്ള ഇടപെടലുകൾ നടത്താറുള്ളതുമാണ്.

(ഇ) റോഡ് നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി റോഡുകളുടെ ഈടുനിൽപ്പും സുരക്ഷയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: റോഡ് നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും റോഡുകളുടെ ദീർഘകാല ഈടുനിൽപ്പിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങളെ മറികടക്കാനും BM & BC നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുന്നതോടൊപ്പം നൂതന സാങ്കേതിക വിദ്യകളായ ഫുൾ ഡെപ്ത് റിക്ലമേഷൻ,റീസൈക്കിൾഡ് റോഡ് കൺസ്ട്രക്ഷൻ, എൻ.ആർ.എം.ബി , പ്ലാസ്റ്റിക് റോഡ് കൺസ്ട്രക്ഷൻ, ജിയോടെക്സ്റ്റൈൽ, ജിയോസെൽ ,പി.വി.ഡി., കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് , വൈറ്റ് ടോപ്പിംഗ് എന്നിവ മണ്ണിന്റെ ഘടന, ഭൂഗർഭ ജല നിരപ്പ് എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് കൂടുതൽ കാലം ഈടു നിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ തരം സർഫസിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) കാലവർഷക്കെടുതികൾ മൂലം റോഡുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനും സംസ്ഥാനത്തെ റോഡ് ശൃംഖല കൂടുതൽ സുരക്ഷിതവും ഗതാഗതയോഗ്യവുമാക്കുന്നതിനും ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: റോഡിന്റെ ഉപരിതലം മെച്ചപ്പെടുത്തുന്നതിന് ഘട്ടം ഘട്ടമായി BM & BC പ്രതലം സംസ്ഥാനത്തെ എല്ലാ റോഡുകളിലും നടപ്പിലാക്കുന്നതാണ്. കൂടാതെ സോഫ്റ്റ്വെയർ അധിഷ്ഠിത റോഡ് മാനേജ്മെന്റ് & മെയിന്റനൻസ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ഇതുപ്രകാരം റോഡ് പ്രവൃത്തികൾ ആവശ്യകത അനുസരിച്ച് മുൻകൂട്ടി പ്രയോറിറ്റൈസ് ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ ഭാവിയിൽ നടപ്പിലാക്കുന്ന എല്ലാ പുനരുദ്ധാരണ പ്രവൃത്തികളിലും റോഡ് സുരക്ഷാ ഘടകങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ